ഉത്തരം.

(എ) മരച്ചീനികർഷകരിൽനിന്ന സഹകരണസംഘങ്ങൾവഴി വാങ്ങുന്ന പദ്ധതിയിൽ കൊച്ചി–കണയന്നൂർ താലൂക്കിനെ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്.

അരി, പാൽ വിതരണകേന്ദ്രം.

326. [16] ശ്രീ. എൻ. ജി. ചാക്കൊ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട താലൂക്കിൽ തോന്ന്യാമല എന്ന സ്ഥലത്തു ഒരു സൗജന്യ അരിവിതരണകേന്ദ്രം, അനുവദിക്കണമെന്നു കാണിച്ച് വല്ല നിവേദനവും ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ;

(ബി) ടി കേന്ദ്രം അനുവദിക്കുന്നതിനു ദയവുണ്ടാകുമോ?

ഉത്തരം.

(എ) Mr. M. J. Koshi, Grama committee, Thonniamala, എന്ന പേരിൽ ഒരു സൗജന്യഅരിവിതരണകേന്ദ്രം ഇപ്പോൾ അവിടെ നടത്തിവരുന്നുണ്ട്. വേറെ ആരിൽനിന്നും നിവേദനം കിട്ടിയിട്ടുള്ളതായി കാണുന്നില്ല.

(ബി) ഉദിക്കുന്നില്ല.

ബൈവീക്കിലി ഡിസ്പെൻസറി.

327. [17] ശ്രീ. എൻ. ജി. ചാക്കൊ : താഴെ കാണുന്ന ചോദ്യത്തിനു ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പത്തനംതിട്ട താലൂക്കിൽ ഓമല്ലൂർ എന്ന സ്ഥലത്തും, കുഴിക്കാല എന്ന സ്ഥലത്തും നാരങ്ങാനം എന്ന സ്ഥലത്തും ഓരോ ബൈവീക്കിലി ഡിസ്പെൻസറി ആരംഭിക്കുമോ?

ഉത്തരം.

പുതിയ ഡിസ്പെൻസറികൾ സ്ഥാപിക്കുന്നതിനെപ്പറ്റിയും, മറ്റും റിപ്പോർട്ട് സമർപ്പിക്കുവാൻ ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ ശുപാർശകളെ സംബന്ധിച്ച് ഒരു തീരുമാനമെടുത്തതിനു ശേഷമേ ഇതിനെപ്പറ്റി ആലോചിക്കുവാൻ നിവൃത്തിയുള്ളൂ.

Paddy fields.

328. [18] SHRI T. T. DANIEL: Will the Minister for Revenue be pleased to state:

(*a*) the total number of acres of paddy fields in Thovala, Agastiswaram, Kalkulam and Vilavancode;

(*b*) the area in each Taluk separately?

LIBRARY ARCHIVES Kerala Legislative Assembly